പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 504 **13-10-2026-ൽ മറുപടിയ്ക്ക്**

ചങ്ങനാശ്ശേരിയിലെ വ്യവസായ പ്രതിസന്ധികളും നവീകരിച്ച സാങ്കേതിക വികസന പദ്ധതികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കഴിമണ്ണിൽ

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ചെറുകിട-ഇടത്തരം വ്യവസായങ്ങളും പരമ്പരാഗത യൂണിറ്റുകളും നേരിടുന്ന പ്രതിസന്ധികളും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വ്യവസായങ്ങളെ കൂടുതൽ ഉയരങ്ങളിലേക്ക് കൊണ്ടുപോകുന്നതിനും നവീകരിക്കുന്നതിനും എന്തൊക്കെ പദ്ധതികൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ;

മറുപടി: ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുകിട ഇടത്തരം വ്യവസായങ്ങളും യൂണിറ്റുകളും നേരിടുന്ന അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, വിപണന ദൗർലഭ്യം തുടങ്ങിയ പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിപണന ദൗർലഭ്യം പരിഹരിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് പ്രദർശന മേളകൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

(ബി) മണ്ഡലത്തിലെ വ്യവസായ മേഖലയുടെ വളർച്ചയ്ക്കും സംരംഭകർക്ക് ആവശ്യമായ സബ്സിഡികളും ലോണുകളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും അടഞ്ഞുകിടക്കുന്ന വ്യവസായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് കണക്കുകൾ സഹിതം വിശദമാക്കാമോ;

മറുപടി: ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ വ്യവസായ മേഖലയുടെ വളർച്ചയ്ക്കും അടച്ചുപൂട്ടിയ വ്യവസായ യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

സംരംഭക സഹായ പദ്ധതി (ESS).

വൺ ഫാമിലി വൺ എന്റർപ്രൈസസ് സ്കീം (OFOE).

നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്.

Prime Minister's Employment Generation Programme (PMEGP).

PM Formalisation of Micro Food Processing Enterprises (PMFME).

Mission 1000.

MSME Clinic / RAMP പിന്തുണ,.

ബാങ്കേഴ്സ് മീറ്റ്.

ടെക്നോളജി ക്ലിനിക്ക്.

അടച്ചുപൂട്ടിയതും പ്രതിസന്ധിയിലായതുമായ യൂണിറ്റുകളുടെ പുനരുജ്ജീവനം.

(സി) പുതിയതായി ആരംഭിച്ചിട്ടുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ മണ്ഡലത്തിലെ വികസന കാര്യങ്ങളിലേക്ക് എങ്ങനെയാണ് പ്ലാൻ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സിന്റെ പ്രയോജനം വ്യവസായ മേഖലയിൽ ഉല്പാദനത്തിലും അതോടൊപ്പം കൂടുതലായി മാർക്കറ്റിങ് മേഖലയ്ക്ക് സഹായമാവുന്നുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് പ്രയോജനപ്പെടുത്തി വിപണനം വർധിപ്പിക്കുന്നതിന് KIED മായി സഹകരിച്ചു സംരംഭകർക്ക് പരിശീലനം നൽകിവരുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് സെമികണ്ടക്ടർ ഹബ് ആരംഭിക്കുമ്പോൾ ചങ്ങനാശ്ശേരിയെ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിന്റെ കർമ്മപദ്ധതികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് സെമികണ്ടക്ടർ വ്യവസായ പദ്ധതി പ്രാരംഭദശയിലാണ്.

(ഇ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഐ.ടി. സംബന്ധമായ വികസന കാര്യങ്ങളും ഡിജിറ്റൽ/ ടെക്നോളജി മേഖലയുടെ വളർച്ചയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികളും എന്തെല്ലാമാണ്;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(എഫ്) വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ ശക്തമാക്കിക്കൊണ്ട് മണ്ഡലത്തിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ നൽകാമോ?

മറുപടി: ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിലവിലുള്ള വ്യവസായ സൗഹൃദാന്തരീക്ഷം പ്രയോജനപ്പെടുത്തി സംരംഭകർ കൂടുതൽ സംരംഭങ്ങൾ തുടങ്ങുന്നതോടുകൂടി പുതിയ തൊഴിലവസരങ്ങൾ ലഭ്യമാകുന്നതാണ്.

സെക്ഷൻ ഓഫീസർ